No.TA1/4320/2017/CEE

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2017 ലെ എഞ്ചിനീയറിംഗ് പ്രവേശനം

## സർക്കാർ/എയ്ഡഡ്/ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ നിന്നും വിടുതൽ വാങ്ങിയ വിദ്യാർത്ഥികളെ ലിക്വിഡേറ്റഡ് ഡാമേജസിൽ നിന്നും ഒഴിവാക്കി

2017-18 അദ്ധ്യയന വർഷത്തിൽ സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ എടുക്കുകയും, എഞ്ചിനീയറിംഗ് പ്രവേശനം അവസാനിപ്പിച്ച തീയതിയായ 2017 ആഗസ്റ്റ് 15 ന് ശേഷം അഖിലേന്ത്യാ തലത്തിൽ എഞ്ചിനീയറിംഗ്/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം ലഭിച്ചതിനാലോ, സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ പ്രവേശനം ലഭിച്ചതിനാലോ വിടുതൽ നേടേണ്ടി വന്ന വിദ്യാർത്ഥികളെ പ്രോസ്പെക്ടസ് വ്യവസ്ഥ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കികൊണ്ടും അവർ അടച്ച ട്യൂഷൻ ഫീസ് മടക്കി നല്കുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അനുവാദം നൽകികൊണ്ടും 30.11.2017 തീയതിയിലെ സ.ഉ.(സാധാ) നം. 2188/2017/ഉ.വി.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കോളേജുകളിൽ ലിക്വിഡേറ്റഡ് ഡാമേജസ് നൽകേണ്ടിവന്ന വിദ്യാർത്ഥികൾ പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനായി ബന്ധപ്പെട്ട കോളേജ് അധികാരികളെ സമീപിക്കേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച തുക മടക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം
07.12.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**